**ആർ ബി ഐ /2006 - 2007 / 310**

ഡി ബി ഒ ഡി .നമ്പർ .എൽഇജി. ബി സി .75 / 09.07.005 /2006 /07

ഏപ്രിൽ 05, 2007

എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ

(ആർ ആർ ബികൾ ഒഴികെ )

പ്രിയപെട്ട സർ ,

**വ്യക്തിഗത നിക്ഷേപ അക്കൗണ്ടുകളിൽ നോമിനേഷൻ സൗകര്യം**

ദയവായി നിക്ഷേപ അക്കൗണ്ട് ഉള്ളവർക്ക് നോമിനേഷൻ സൗകര്യത്തിന്റെയും സർവൈവർഷിപ്പ് (സർവൈവർഷിപ്പ് ക്ലാസ്സ് ) വകുപ്പിന്റെആനുകൂല്യങ്ങളെപ്പറ്റി വ്യാപകമായ ധാരണയും മാർഗ്ഗ നിർദ്ദേശവും നൽകാൻ ഉപദേശിക്കുന്ന മേൽപറഞ്ഞ വിഷയത്തിലുള്ള 2005,ജൂൺ 9ലെ സർക്കുലർ ഡി ബി ഒ ഡി .നമ്പർ ബി സി .95/09.07.005/ 2004 -2005 ന്റെ 9- ാം ഖണ്ഡിക ശ്രദ്ധിക്കുക. ഇക്കാര്യത്തിൽ ഏറ്റവും മികച്ച ശ്രമങ്ങൾ നടന്നിട്ടും ബാങ്കുകൾ ഇപ്പോഴും നോമിനേഷൻ കൂടാതെ തന്നെ വ്യക്തിഗത നിക്ഷേപ അക്കൗണ്ടുകൾ തുറക്കുന്നുണ്ടെന്ന് ഞങ്ങൾ അറിയുന്നു.

2. അലഹാബാദ് ഹൈക്കോടതിക്ക് മുന്നിൽ വന്ന ഒരു കേസിൽ മാന്യകോടതി ഇപ്രകാരം വിലയിരുത്തുന്നു.

“നിക്ഷേപകർ നോമിനിയുടെ പേരു നൽകാതെ വ്യക്തിഗത നിക്ഷേപ സേവിങ്സ് അക്കൗണ്ടോ സ്ഥിരനിക്ഷേപ അക്കൗണ്ടോ ഒരു പേരിൽ അംഗീകരിക്കരുതെന്ന് റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് നന്നായിരിക്കും. ഇത് തങ്ങൾക്ക് അവകാശപ്പെട്ട തുക നേടുന്നതിന് കോടതിയിൽ നീണ്ട നടപടികളിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്ന നിഷ്കളങ്കരായ വിധവകൾക്കും കുട്ടികൾക്കും വളരെ പ്രയോജനപ്രദമാകും.”

3. ഇക്കാര്യത്തെ മുൻനിർത്തിക്കൊണ്ട് അക്കൗണ്ട് തുടങ്ങുന്ന വ്യക്തിയെ നോമിനേഷൻ ചെയ്യുവാൻ നിർബന്ധിക്കണമെന്ന് ബാങ്കുകളോട് നിർദ്ദേശിക്കുന്നു. അക്കൗണ്ട് തുടങ്ങുന്ന വ്യക്തി നോമിനേഷൻ നൽകാൻ വിസമ്മതിക്കുകയാണെങ്കിൽ ബാങ്ക് നോമിനേഷൻ സൗകര്യത്തിന്റെ ഗുണങ്ങൾ വിശദീകരിക്കേണ്ടതാണ് എന്നിട്ടും അക്കൗണ്ട് തുടങ്ങുന്ന വ്യക്തി നോമിനേഷൻ നൽകാൻ തയ്യാറല്ലെങ്കിൽ തനിക്ക് നോമിനേഷൻ താത്പര്യമില്ലെന്ന് ആ വ്യക്തിയിൽ നിന്നും ബാങ്ക് എഴുതി വാങ്ങണം. ഇങ്ങനെ ഒരു കത്തു നൽകാനും അക്കൗണ്ട് തുടങ്ങുന്ന വ്യക്തി വിസമ്മതിക്കുകയാണെങ്കിൽ ബാങ്ക് ഇക്കാര്യം അക്കൗണ്ട് തുടങ്ങുന്നതിനുള്ള ഫോറത്തിൽ രേഖപ്പെടുത്തണം , മറ്റു രീതിയിൽ അക്കൗണ്ട് തുടങ്ങാൻ

അയാൾ അർഹനാണെങ്കിൽ, നോമിനേഷൻ നൽകാൻ വിസമ്മതിക്കുന്നതു കൊണ്ടുമാത്രം അക്കൗണ്ട് തുടങ്ങാൻ ബാങ്കുകൾ വിസമ്മതിക്കരുത് .

4. ഇതു കൂടാതെ ബാങ്കുകൾ സോൾ പ്രൊപ്രൈറ്ററി കൺസേൺന്റെ പേരിലുള്ള നിക്ഷേപങ്ങൾക്കും നോമിനേഷൻ സൗകര്യം അനുവദിക്കണമെന്ന് നിർദ്ദേശിക്കുന്ന ഞങ്ങളുടെ 1997, ഫെബ്രുവരി 28- ലെ സർക്കുലർ ഡി ബി ഒ ഡി .നമ്പർ ബി സി .15/09.08.004/ 96 -97 റഫർ ചെയ്യേണ്ടതാണ് .നിക്ഷേപ അക്കൗണ്ടുകളിൽ മുകളിൽ രേഖപ്പെടുത്തിയ നടപടികൾ സ്വീകരിക്കാൻ ബാങ്കുകളോട് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

(പ്രശാന്ത് സരൺ)

ചീഫ് ജനറൽ മാനേജർ -ഇൻ -ചാർജ്